# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

## 2020 മാർച്ച് 14

### കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേരുകൾ അനുബന്ധം 1 ആയി ചേർക്കുന്നു

യോഗം 6 മണിക്ക് ആരംഭിച്ചു

**ആരോഗ്യ വകുപ്പ് മന്ത്രി**

ആരോഗ്യ വകുപ്പ് മന്ത്രി ആമുഖത്തിൽ കേരളത്തിൽ പുതിയ കേസുകൾ ഒന്നും തന്നെ ഇല്ല എന്നും ആരോഗ്യ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിക്കുവാൻ പ്രിൻസിപ്പൽ സെക്രട്ടറിയോട് ആരായുകയും ചെയ്തു .

**ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി**

- കോവിഡ് 19 നെ കുറിച്ച് ഒരു അവതരണം അദ്ദേഹം നടത്തുകയുണ്ടായി. ലോകത്തിൽ ആകമാനം 129 രാജ്യങ്ങളിൽ രോഗം വ്യാപിച്ചിട്ടുണ്ട്.ലോകത്തിലും, ഭാരതത്തിലാകെയും കേരളത്തിലും രോഗം സ്ഥിരീകരിച്ചതും മരണം സംഭവിച്ചതുമായുള്ള ആളുകളുടെ എണ്ണം അദ്ദേഹം പറയുകയുണ്ടായി. തുടർന്ന് അദ്ദേഹം വിമാനത്താവളത്തിലെ സ്ക്രീനിംഗ് പ്രക്രിയ വിശദീകരിച്ചു . വിമാനത്തിൽ വച്ച് തന്നെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് യാത്ര ചെയ്ത രാജ്യങ്ങളുടെയും രോഗ ലക്ഷണങ്ങളുടെയും വിവരങ്ങൾ സ്വയം വെളിപ്പെടുത്താൻ ഫോറം നൽകും . വിമാനത്തിൽ നിന്നിറങ്ങിയ ശേഷം ഒരു നേഴ്സ് ഇൻഫ്രാറെഡ് തെർമോമീറ്റർ വഴി ശരീര താപനം പരിശോധിക്കുകയും തുടർന്ന് ഡോക്ടർ ശാരീരിക പരിശോധന നടത്തുകയും ചെയ്യും. ശരീരതാപനം കൂടുതലാണെങ്കിൽ പ്രത്യേക മാർഗം വഴി ഐസൊലേറ്റ് ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റുകയും ചെയ്യും. ഡോക്ടർ പരിശോധിക്കുമ്പോൾ രോഗലക്ഷണം കണ്ടെത്തുന്നവരെയും രോഗലക്ഷണങ്ങളുടെ തീവ്രത അനുസരിച്ച് വീട്ടിലേക്കോ ആശുപത്രിയിലെക്കോ മാറ്റും. രോഗലക്ഷണം ഇല്ലാത്തവരെയും സ്വന്തം വീടുകളിലേക്ക് നിരീക്ഷണത്തിനായി മാറ്റും .ഡോക്ടറുടെ പരിശോധനക്ക് ശേഷമേ ഇമ്മിഗ്രേഷൻ ക്ലിയറൻസ് ലഭിക്കുകയുള്ളു . ആശുപത്രിയിൽ നിരീക്ഷണത്തിന് വിടുന്നവരുടെ ലഗേജുകൾ പ്രത്യേക വാഹനം വഴി ആശുപത്രിയിലേക്കെത്തിക്കും.
- തുടർന്ന് സംസ്ഥാനത്ത് ആകെ നിരീക്ഷണത്തിലുള്ളവരുടെയും വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെയും ജില്ല തിരിച്ചുള്ളവരുടെ കണക്കു അദ്ദേഹം അവതരിപ്പിച്ചു. ഏതൊക്കെ ജില്ലകളിലാണ് കൂടുതൽ ആൾകാർ നിരീക്ഷണത്തിലുള്ളതെന്നും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി. മാത്രമല്ല രോഗം സ്ഥിരീകരിച്ച ഓരോ വ്യക്തികളുടെയും പ്രാഥമിക ദ്വിതീയ തലത്തിൽ സമ്പർക്കം പുലര്ത്തിയവരുടെ എണ്ണവും അദ്ദേഹം പറഞ്ഞു.
- സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ ദുരന്ത നിവാരണ അതോറിട്ടിയുമായിചേർന്ന് കൊണ്ട് ഗൂഗിൾ എർത്ത് വഴി രോഗം സ്ഥിരീകരിച്ചവരുമായി സമ്പർക്കം പുലര്ത്തിയവരുടെ സംസ്ഥാനത്തിലെ തൽസ്ഥാനം കാണാനാകുമെന്നു വിശദീകരിച്ചു. അത് മാനവവിഭവ ശേഷി നൽകുന്നതിനുള്ള പ്ലാനിങ്ങിൽ സഹായിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.
- ചീഫ് സെക്രട്ടറി മാപ്പിൽ നിറവ്യത്യാസം വരുത്തണമെന്നും പൊതു ജനങ്ങൾക്ക് കൂടി കാണുന്ന തരത്തിൽ ഇത് ക്രമീകരിക്കണമെന്നും അഭിപ്രായപ്പെട്ടു. ഇന്ന് കാബിനെറ്റ് സെക്രട്ടറിയുമായി നടന്ന വീഡിയോ കോൺഫെറൻസിൽ കേരളത്തിന്റെ പ്രവർത്തനങ്ങളെ പ്രശംസിച്ചതായി അറിയിച്ചു. വിദേശത്ത് നിന്ന്



15/3

തിരിച്ചെത്തുന്നവരെയെല്ലാം പരിശോധിക്കണമെന്ന കാബിനെറ്റ് സെക്രട്ടറി നിഷ്കര്ഷിച്ചതായി ചീഫ് സെക്രട്ടറി പറഞ്ഞു. വൈദ്യ സഹായം ആവശ്യമുള്ളവർക്ക് സഹായത്തിനായിഒരു ഫോൺ നമ്പർ ആരംഭിക്കുന്നതായും അദ്ദേഹം പറഞ്ഞു. ദേശീയ ദുരന്ത്നിവാരണ അതോറിറ്റിയുടെ ഫണ്ട് വിദേശത്ത് നിന്ന് തിരിച്ചെത്തുന്നവരെ പൊതു ഐസോലെഷൻ സ്ഥലത്ത്പാർപിക്കുവാനായാണ് നൽകുന്നത്.എന്നാൽ കേരളത്തിന്റെനയം വ്യത്യാസമാണ. അതിനാൽ കേരളത്തിനും ആവശ്യമുള്ള ഫണ്ട് അനുവദിക്കണമെന്നും ചീഫ് സെക്രട്ടറി കേന്ദ്ര ആരോഗ്യ മന്ത്രാലത്തിലെ കാബിനെറ്റ് സെക്രട്ടറിയോട്പറഞ്ഞതായി യോഗത്തെ അറിയിച്ചു.

- ആരോഗ്യ സുരക്ഷാ ഉപകരണങ്ങളുടെആവശ്യം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. അത് ലഭിക്കുമെന്നാണ് കരുതുന്നത്.
- ആരോഗ്യമന്ത്രി കെ എസ് ഡി പി ഇതൊക്കെ ഉണ്ടാക്കുന്നുണ്ടെന്ന് യോഗത്തെ അറിയിച്ചു. മൂന്ന് ലേയർ മാസ്കുകൾഉണ്ടാക്കിനൽകാമെന്നു ചിലർ അറിയിച്ചിട്ടുണ്ട്. ഇവരുടെ ഗുണനിലവാര പരിശോധന നടത്തിയതിനു ശേഷമേ പുറത്തു നിന്ന് തരാമെന്നു പറയുന്നവരുടെത് സ്വീകരിക്കാൻ സാധിക്കുകയുള്ളു
- ആരോഗ്യവകുപ്പ് മന്ത്രി വിമാനത്താവളത്തിലെ വിവരങ്ങൾ ബ്യൂറോ ഓഫ് ഇമ്മിഗ്രേഷനിൽനിന്ന് ലഭിക്കുചാൻ താമസംനേരിടുന്നതായി അറിയിച്ചു.ഇറ്റലിയിൽ നിന്നെത്തിയ രോഗിയുടെ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല എന്നും മന്ത്രി വ്യക്തമാക്കി
- മേല്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ച നടന്നു. അതിനു ശേഷം മുഖ്യമന്ത്രി തന്റെ നിർദേശങ്ങൾ അറിയിച്ചു.

1. ആശ്വാസകരമായ ദിവസമാണിന്ന് കഴിഞ്ഞത്. എടുത്ത നിലപാടുകൾ ശരിയാണെന്ന് തെളിഞ്ഞു വരുന്നു.
2. ഇന്ന് എല്ലാ ജില്ലകളിലും, മന്ത്രിമാരുടെ നേതൃത്വത്തിൽ യോഗങ്ങൾ നടന്നു. ഏറ്റവും കൂടുതൽ പേർ ചികിത്സയിൽ ഉള്ളത് തൃശ്ശൂർ ജില്ലയിൽ ആണ്.
   - വീടുകളിൽ അവർ പാലിക്കേണ്ട കാര്യങ്ങളെ പറ്റി ആരോഗ്യ വകുപ്പ്അവരെ ബോധാവാന്മാരാക്കേണ്ടതുണ്ട് . മാർഗനിർദേശങ്ങൾരേഖയായി തന്നെ അവർക്ക് നൽകണം. എല്ലാ ദിവസവുംആരോഗ്യ്പ്രവർവത്തകർ അവരുടെ ഭവനം സന്ദർശിക്കണം. പോലീസുകാരും വീടുകൾ സന്ദർശിക്കണം. പ്രാദേശിക വോളന്റിയർമാർ പാലിയേറ്റീവ് വോളന്റിയർമാർ എന്നിവരെയും ഇതിനുപയോഗിക്കാം. വീടുകളിൽ എന്തെങ്കിലുംപ്രശ്നങ്ങളുണ്ടോ എന്ന് ഇവർ മനസ്സിലാക്കണം. വോളന്റീർ മാരെ പരിശീലിപ്പിക്കാൻ അതാതു ജില്ലകളിലെ ഡോക്ടർമാരെ ഉപയോഗിച്ച് ജില്ലാ കളക്ടര്മാർ ഉറപ്പു വരുത്തേണ്ടതാണ്
3. കേന്ദ്ര സഹായം ലഭിച്ചാൽ കൂടുതൽ സഹായകരമാവും.
4. വിമാനത്താവള പരിശോധന പൂർണമായി എന്ന് പറയാനാവില്ല . കൂടുതൽ മികച്ച ക്രമീകരണം ഉണ്ടാക്കണം.
5. വിമാനത്താവളത്തിലും പോലിസ് സാന്നിധ്യം ഉണ്ടാകണം. എസ് പി യുടെ നേതൃത്വത്തിൽ ഒരു ടീം അവിടെ ഉണ്ടാകണം. കൂടുതൽ ആരോഗ്യ പ്രവർത്തകരെയും വിന്യസിക്കണം.
6. തിങ്കളാഴ്ച്ച 3 മണിക്ക് എല്ലാ വിമാനതാവളവുമായി വീഡിയോ കോൺഫറൻസ് ഉണ്ട്.തിരുവനന്തപുരം വിമാനത്താവളം അധികൃതർ ഇവിടെ വരണം, കോഴിക്കോട് വിമാനത്താവളം അധികൃതർ മലപ്പുറം കലക്ടെറേറ്റിൽ നിന്നും യോഗത്തിൽ പങ്കെടുക്കണം. ഇമിഗ്രേഷൻ കസ്റ്റംസ് അധികൃതരും പങ്കെടുക്കേണ്ടതാണ്. വിമാനതാവളതിനടുത് താമസിപ്പിക്കാൻ കൊറോണ കെയർ സെന്ററുകൾ കണ്ടെത്തണം. കലക്ടർ, എസ് പി, ഡി എം ഒ എന്നിവരോട് ഇന്ന് നടന്ന വീഡിയോ കോൺഫറൻസിൽ കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

7. മറ്റു സംസ്ഥാനങ്ങള്മായി അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ ട്രെയിൻ കേരളത്തിലേക്ക് കടന്നു ആദ്യത്തെ സ്റ്റേഷനിൽ എല്ലാ ബോഗികളിലെയും യാത്രക്കാരെ മുഴുവൻ പരിശോധിക്കണം. അവിടെയും ഒരു ഡി വൈഎസ്പി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഇത് ഏല്പിക്കുന്നു. ഒരു ടീമിൽ ഒരു പാര മെഡിക്കൽ ജീവനകാരൻ, പോലീസ് , വോളന്റിയർ എന്നിവർ ഒരു ടീമിൽ ഉണ്ടാകണം. ട്രെയിൻ നിർത്തുന്നതിനു മുൻപ് തന്നെ യാത്രക്കാർക്ക് പല ഭാഷകളിൽ ഒരു മൊബൈൽ മെസ്സേജ് വഴി കാര്യങ്ങൾ ധരിപ്പിക്കും. എല്ലാ പ്രധാനപെട്ട റെയിൽവേ സ്റ്റേഷനിലും പരിശോധന ഉണ്ടാകണം.
8. റോഡിൽ പരിശോധന 24 സ്ഥലങ്ങളിൽ പോലീസുകാരെ ഉപയോഗിച്ച് കർശനമാക്കും . ഡി വൈഎസ്പി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഇത് ഏല്പിക്കുന്നു. പരിഭ്രാന്തി സൃഷ്ടിക്കാൻ പാടില്ല .
9. അതിഥി തൊഴിലാളി ക്യാമ്പുകളിൽ എത്തി അവരുടെ ഭാഷയിൽ ബോധാവല്കരിക്കാൻ ജില്ലാ കല്ലെക്ടർമാരോട് നിഷ്കർഷിച്ചിട്ടുണ്ട് .
10. നല്ല ശുചീകരണം വേണം. ബീച്ച്, പാർക്ക് എന്നിവ പോലീസിന്റെ ശ്രദ്ധയിലായിരിക്കണം . പൊതു പരിപാടികൾ ഉത്സവങ്ങൾ എന്നിവ ഒഴിവാക്കണം .പോലീസിനെ ചുമ തല ഏൽപ്പിക്കുന്നു .
11. കെ എസ് ആർ ടി സി ബസ് വൃത്തിയാക്കണം .
12. ഗൂഗിൾ ഏർത്ത് സംവിധാനം വഴി പ്ലോട്ട് ചെയ്യുന്നത് പൊതു ജനങ്ങൾക്ക് പരിശോധിക്കാൻ തക്കവണ്ണം പ്രദർശിപ്പിക്കണ്ടതാണ് .
13. ആശുപത്രി കിടക്കകളുടെ എണ്ണം, ഐ സി യു വെന്റിലേറ്റർ എത്രയുണ്ട് എന്ന് കണക്കെടുക്കേണ്ടതാണ് .
14. വിദേശികളുടെ ആവശ്യങ്ങൾ പരിഗണിക്കണം. മോശം അഭിപ്രായം ഉണ്ടാകാൻ പാടില്ല.
15. വ്യക്തി ശുചിത്വം ഒരു വല്യ കാമ്പൈൻ ആയി നടത്താൻ ഉദ്ദേശിക്കുന്നു .
16. കൈകൾ സോപ്പ് ഉപയോഗിച്ചു കഴുകേണ്ടതാണ് . അത് വൈറസ് ലോഡ് കുറയ്ക്കാൻ സഹായിക്കും .
17. റെസിഡെൻസ് അസോസിയേഷനുകളെയും ബോധാവാന്മാരാക്കേണ്ടതുണ്ട് .
18. പരീക്ഷകൾ മാറ്റി വക്കുന്നില്ല .
19. ഞായറാഴ്ച അടിയന്തിര ആവശ്യങ്ങൾ ഉണ്ടെങ്കിൽ മാത്രം യോഗം ചേരും.തിങ്കളാഴ്ച മീറ്റിംഗ് ഉണ്ടാകും.
20. ആറു മണിക്ക് യോഗം ചേരണം

യോഗം 7 മണിക്ക് അവസാനിച്ചു

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ആരോഗ്യ സാമൂഹിക നീതി വകുപ്പ് മന്ത്രി
2. ചീഫ് സെക്രട്ടറി
3. ഡി ജി പി
4. അഡീഷണൽ ഡി ജി പി ഇന്റെലിജെൻസ്
5. മുഖ്യമന്ത്രിയുടെ സെക്രട്ടറി
6. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റെവെന്യൂ
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതു മരാമത്ത് വകുപ്പ്
12. പ്രിൻസിപ്പൽ സെക്രട്ടറി സെക്രട്ടറി, പൊതു ഭരണം
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
14. പ്രിൻസിപ്പൽ സെക്രട്ടറി, ട്രാൻസ്പോർട്ട്
15. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
16. പ്രിൻസിപ്പൽ സെക്രട്ടറി, എൽ. എസ്.ജി.
17. സെക്രട്ടറി,ഫിനാൻസ്
18. സെക്രട്ടറി ഊർജ്ജ വകുപ്പ്
19. സെക്രട്ടറി, ടൂറിസം വകുപ്പ്
20. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
21. ട്രാൻസ്പോർട്ട് കമ്മീഷണർ
22. ഡിപിഐ
23. മെമ്പർ സെക്രട്ടറി , ദുരന്ത നിവാരണ അതോറിറ്റി
24. ഡയറക്ടർ, തിരുവനന്തപുരം വിമാനത്താവളം
25. റെയിൽവേ ഡിവിഷണൽ മാനേജർ
26. മറ്റുള്ളവർ